പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1654 18/06/2012 - ൽ മറുപടിക്ക്

## മത്സ്യകർഷക ക്ലബ്ബുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. ശിവദാസൻ നായർ:<br>,, എം. എ. വാഹീദ്:<br>,, അൻവർ സാദത്ത്:<br>,, ഡൊമിനിക് പ്രസന്റേഷൻ: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) സംസ്ഥാനത്ത് മത്സ്യകർഷക ക്ലബ്ബുകൾ തുടങ്ങുന്ന കാര്യം ആലോചനയിലുണ്ടോ ; | (എ) 2009 മുതൽ 31/03/2012 വരെ നടപ്പിലാക്കിയ മത്സ്യകേരളം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ മത്സ്യകർഷക ക്ലബ്ബുകൾ രൂപീകരിക്കുകയും 20 ക്ലബ്ബുകളുടെ നിർമ്മാണത്തിന് തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2012 മുതൽ 2015 വരെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മത്സ്യ സമൃദ്ധി പദ്ധതിയിലൂടെയും ഇത്തരം മത്സ്യകർഷക ക്ലബ്ബുകളുടെ രൂപീകരണത്തിനും, ക്ലബ്ബുകൾക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിനും വിഭാവനം ചെയ്തിട്ടുണ്ട്. |
| (ബി) ക്ലബ്ബുകളുടെ ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തന രീതിയും എപ്രകാരമാണെന്ന് വ്യക്തമാക്കുമോ ; | (ബി) ഉല്പാദന മേഖലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പമ്പ് സെറ്റ്, വലകൾ, പരിശോധനാ |

സാമഗ്രികൾ, ഫിഷ് ബൂത്ത്, തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ജില്ലാ ഫിഷറീസ് ഓഫീസർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ കൂട്ടായ ചർച്ചയിലൂടെ പദ്ധതി തയ്യാറാക്കി പഞ്ചായത്തിന്റെ തനതു ഫണ്ടും ഉൾപ്പെടുത്തി നടപടികൾ ആവിഷ്കരിക്കുക എന്നുള്ളതാണ് ക്ലബ്ബുകളിലൂടെ ലക്ഷ്യമിടുന്നത്. മത്സ്യ മേഖലയിലെ വിജ്ഞാന, വ്യാപന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിനും ഈ ക്ലബ്ബുകൾ ലക്ഷ്യമിടുന്നു.

| | |
|---|---|
| (സി) ഏതെല്ലാം പദ്ധതികളുമായി യോജിപ്പിച്ചാണ് ഇത് നടപ്പിലാക്കുന്നത് ; | (സി) മത്സ്യകേരളം പദ്ധതി, മത്സ്യ സമൃദ്ധി പദ്ധതി |
| (ഡി) ക്ലബ്ബുകളുടെ നിയന്ത്രണം ആരിലാണ് നിക്ഷിപ്തമാക്കാനുദ്ദേശിക്കുന്നത് ? | (ഡി) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻ, ജില്ലാ ഫിഷറീസ് ഓഫീസർ ചുമതലപ്പെടുത്തുന്ന കൺവീനർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ, വാർഡ് അംഗങ്ങൾ, മത്സ്യ കർഷക പ്രതിനിധികൾ എന്നിവരടങ്ങുന്ന സമിതിയുടെ പ്രവർത്തനങ്ങൾ ജില്ലാ ഫിഷറീസ് ഓഫീസറുടെ മേൽനോട്ടത്തിൽ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ